അവിടെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. താണിക്കുടം ഹരിജൻ കോളനിയിലേക്കും താണിക്കുടം യു. പി. സ്കൂളിലേക്കും താണിക്കുടം ക്ഷേത്രത്തിലേക്കും താണിക്കുടം പള്ളിയിലേക്കുമുള്ള ഏക മാർഗ്ഗമാണ് ഈ പാലം. കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ ഇത്രയും കാലം വരെ യാതൊരു നടപടിയും എടുക്കാൻ ഡിപ്പാർട്ടുമെന്റിനു കഴിഞ്ഞില്ല സർ. ഗവ. പണം കൊടിക്കുന്നില്ല എന്ന പരാതിയാണ് ഡിപ്പാർട്ടുമെന്റ് പറയുന്നത്. ഈ പാലത്തിന്റെ പണി വൈകുന്നതുമൂലം താണിക്കുടം പ്രദേശത്തെ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ക്ഷേത്രത്തിലേക്കും പള്ളിയിലേക്കും പോകുന്നവർക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇനിയും കാലതാമസം നേരിടുകയാണെങ്കിൽ ജനങ്ങളോടൊപ്പം എനിക്കും സത്യാഗ്രഹം അനുഷ്ഠിക്കേണ്ടി വരുമെന്ന് ഈയവസരത്തിൽ പറയാനാഗ്രഹിക്കുകയാണ്. ഈ ഏപ്രിൽമാസം കഴിഞ്ഞാൽ വീണ്ടും പുഴയിൽ വെള്ളം വരും. അപ്പോൾ പണി ചെയ്യാൻ കഴിയുകയില്ല. അടുത്ത കൊല്ലത്തേക്ക് മാറേണ്ടിവരും. ആ സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ദയവായി അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) : സർ, 1978-ൽ ഭരണാനുമതി നൽകിയ ഒരു പാലമാണിത്. 1979-ൽ ഇതിന്റെ പണി ആരംഭിച്ചു. 1982-ൽ കരാറുകാരൻ ഇട്ടേച്ചുപോയി. അതിനുശേഷം പലപ്രാവശ്യം ടെൻഡർ വിളിച്ചു. ടെൻഡർ എടുക്കാൻ ആളില്ല. രണ്ടാമത് ക്വട്ടേഷൻ വിളിച്ചു. ക്വട്ടേഷൻ കിട്ടിയതെല്ലാം 100-ഉം 125-ഉം ശതമാനം അധികം. ക്വട്ടേഷൻ പ്രകാരം നെഗോഷ്യേറ്റ് ചെയ്ത സംഖ്യ കുറയ്ക്കാൻ സാധിക്കുമോയെന്നു നോക്കാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി. അതിന് ഇന്നുവരെസാധിച്ചിട്ടില്ല. കിട്ടിയ ക്വട്ടേഷൻ വച്ചുകൊണ്ട് പരമാവധി കുറഞ്ഞ സംഖ്യയ്ക്ക് കരാർ കൊടുത്ത് പണി ആരംഭിക്കാൻ കഴിഞ്ഞ ഡിസംബർ മാസം ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ പണി ഉടനെ തുടങ്ങാൻ സാധിക്കുമെന്നാണ് വിശ്വാസം. ഈ പാലത്തിന്റെ കരാർ എടുക്കാൻ ആരും തന്നെ വരുന്നില്ലെന്നുള്ളതാണ് വാസ്തവം. അത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല.

(9) കുവൈറ്റ് പൗരൻമാരുടെ കേരള സന്ദർശനം

ശ്രീ. ഇ. കെ. നായനാർ : സർ, കഴിഞ്ഞ ജനുവരി 29-ാം തീയതി കേരളത്തിൽ വന്ന് ഫെബ്രുവരി 7-ാം തീയതി മടങ്ങിപ്പോയ 2 കുവൈറ്റ് പൗരൻമാരെ സംബന്ധിച്ച് അവർ അനഭിമതരാണ്, ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടവരാണ് എന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് 1985 ജൂലായ് മാസത്തിൽ ഇവിടെ വിവരം ലഭിച്ചിട്ടുണ്ടെന്ന് ആഭ്യന്തര വകുപ്പുമന്ത്രി തന്നെ സമ്മതിച്ചതാണ്. അതിന്റെ പശ്ചാത്തലം ഇന്നലത്തെ പത്രത്തിൽ വന്നിട്ടുണ്ട്. എന്തുകൊണ്ട് അവരെ അനഭിമതരാക്കി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി? ഇന്ത്യയിലെ മൗലിക വാദികൾക്ക്, യു. പി. യിലും ബീഹാറിലുമെല്ലാം നടക്കുന്നതുപോലെ പിൻതുണയും സാമ്പത്തിക സഹായവുമെല്ലാം നൽകുന്ന ഒരു വിഭാഗമാണ് അവർ. ആ വിഭാഗത്തിൽപ്പെട്ടവരായതുകൊണ്ടാണ് അവരെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയത്. ഇന്നലത്തെ 'ഇൻഡ്യൻ എക്സ്പ്രസ്',

LIBRARY ARCHIVES Kerala Legislative Assembly

75144

ദൽഹിലേഖകൻ സവിസ്തരം ആ കാര്യം പറഞ്ഞിരുന്നു. അതുകൊണ്ടാണ് അവരെ ബ്ലാക്ക് ലിസ്റ്റിൽ മുമ്പേ പെടുത്തിയിരുന്നതെന്ന്. എല്ലാ സ്റ്റേറ്റിലും തന്നെ ആ വിവരം അറിയിച്ചു. കഴിഞ്ഞ വ്യാഴാഴ്ച മുഖ്യമന്ത്രി അസംബ്ലി പിരിയുന്ന സമയത്തു പറഞ്ഞു, പേയിംഗ് ഗസ്റ്റാക്കിയതു ഞാനല്ല, ഞാൻ ആ രേഖയിൽ ഒപ്പുവച്ചിട്ടില്ലായെന്ന്. അദ്ദേഹം എന്തു കൊണ്ടാണതു പറഞ്ഞതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അത് ഒരുതരം വഞ്ചനയും കാപട്യവുമല്ലേ, ഒരു തരം കുറ വഞ്ചനയല്ലേ, നിയമ വിരുദ്ധമല്ലേ? കാരണം, കേരളാഗവൺമെൻറിൻെറ Hospitality Rules അതു പോലെ തന്നെ Rules and Business of Government of Kerala ഇത് രണ്ടുമെടുത്ത് പരിശോധിച്ചാൽ മുഖ്യ മന്ത്രിക്ക് കൈകഴുകാൻ സാധിക്കുകയില്ല. കാരണം മുഖ്യമന്ത്രി പ്രോട്ടോകാൾ തലവനാണ്, പൊളിറ്റിക്കൽ ഡിപ്പാർട്ടുമെൻറിൻെറ തലവനാണ്, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൻെറ തലവനാണ്. Kerala State Hospitality Rules-ൽ 7-ാം ചട്ട പ്രകാരമുള്ള വ്യക്തികളെ, Persons of known status മാത്രമേ അതും വ്യക്തമായ സർക്കാർ ഉത്തരവനുസരിച്ച് പേയിംഗ് ഗസ്റ്റാക്കാൻ പാടുള്ളൂ. വിദേശികളാണെങ്കിൽ കേന്ദ്ര ഗവൺമെൻറിൻെറ അനുമതി തീർച്ചയായും വാങ്ങണം. ഇത്തരം സന്ദർഭങ്ങളിൽ സംസ്ഥാന പൊതു ഭരണ വകുപ്പ്, കേന്ദ്ര ഗവൺമെൻറിൻെറ അനുമതിക്ക് അയയ്ക്കും. അതാണ് പതിവ്, ഇക്കാര്യത്തിൽ അത് ചെയ്തിട്ടില്ല. മാത്രമല്ല അന്ന് പോലീസും ഡിപ്പാർട്ടുമെൻറുമെല്ലാം നമ്മളെല്ലാം ബഹുമാനിച്ചു വരുന്ന പോപ്പിൻെറ സന്ദർശന വേളയിൽ എല്ലാ ശ്രദ്ധയും അതിലേക്ക് കേന്ദ്രീകരിച്ചിരുന്ന സമയത്താണ് ഇവിടെ പാലം വലി വേറെ നടന്നത്. അതുമാത്രമല്ല അന്വേഷണത്തിനു വിട്ടിട്ടുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. നാരായണ സ്വാമി, പൊളിറ്റിക്കൽ വകുപ്പിൻേറയും ജനറൽ അഡ്മിനിസ്ട്രേഷൻേറയും കൂടി തലവനാണ്. അതിൽ അദ്ദേഹത്തിന് പങ്കു ഉണ്ട്. കോഴിക്കൂട്ടിൽ നിന്ന് കോഴിയെ കാണുന്നില്ല. കുറുക്കനെ അന്വേഷണത്തിന് വിടുകയാണ്. അതാണ് ഇപ്പോൾ നാരായണ സ്വാമിയെ അന്വേഷണത്തിന് വിട്ടതിൻെറ ഫലം. നാരായണ സ്വാമി വഴിയ്ക്കാണ് ഈ റിപ്പോർട്ട് പോകുന്നത്. അങ്ങനെ ഒരു നടപടി ക്രമത്തിലല്ലാതെ വേറെയുണ്ടോ? ആ രൂപത്തിൽ ചീഫ് സെക്രട്ടറിയാണ് ചുമതലക്കാരൻ എന്നതുകൊണ്ട് ചീഫ് സെക്രട്ടറിയും മുഖ്യമന്ത്രിയും ഫയൽ കണ്ടശേഷം മാത്രമാണ് ഉത്തരവ് നൽകുന്നത്. ഇതിന് കേന്ദ്രത്തിൻെറ അനുവാദം ചോദിച്ചിട്ടില്ല. രണ്ടു വിദേശികളെ സ്റ്റേറ്റ് ഗസ്റ്റുകളാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇ. അഹമ്മദ് മുഖ്യമന്ത്രിക്ക് നോട്ട് അയച്ചു. മുഖ്യമന്ത്രി എഴുതിയ നോട്ട് എന്താണ്. Examine and do the need ful എന്നാണ് മുഖ്യമന്ത്രി അതിൽ ഉത്തരവിട്ടത്. ഇത് നിയമ വിരുദ്ധമാണ്. ഈ ഉത്തരവ് പൊതുഭരണവകുപ്പ് ശരിയല്ലെന്ന് ചൂണ്ടികാണിച്ചു. ആ ഫയൽ പിന്നീട് ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും പോയി. ഫയലിൽ ഇങ്ങനെ ഉത്തരവുണ്ടായതായി മനസ്സിലാക്കി. Discussed with the Chief Minister and Deputy Chief Minister. Two cears may be given. They may be treated as paying guests. എന്ന് അതിനകത്ത് നോട്ട് ചെയ്തു. ചീഫ് മിനിസ്റ്റർ ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ ഇവരൊക്കെ നോക്കിയ ഫയലിൽ ഇങ്ങനെയാണ് ഉത്തരവുണ്ടായത്. തുടർന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അംഗീകാരത്തോടെ പുറപ്പെടുവിച്ച ഉത്തരവ് ടൂറിസ്റ്റ് വകുപ്പിനും പോലീസിനും അവിടെ നിന്ന് ജില്ലാ അധികാരികൾക്കും അയയ്ക്കുകയുണ്ടായി. ഇക്കാര്യത്തിൽ കഴിഞ്ഞദിവസം മുഖ്യമന്ത്രി രണ്ട് സ്റ്റേറ്റ്മെൻറുകൾ ഈ അസംബ്ലിയിൽ നൽകി. ഒന്ന് ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതാണ്. അത് അങ്ങേയറ്റം തെറ്റാണ്. അദ്ദേഹം ഇതിൽ കുറ്റവാളിയാണ്. ആ ഉത്തരവിന്റെ ഉത്തരവാദിത്വം ആ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കുമാണ്. അഡീഷണൽ ചീഫ് സെക്രട്ടറി ഈ കാര്യത്തിൽ അന്വേഷണം നടത്തുക എന്നു വച്ചാൽ പ്രതിയെക്കൊണ്ടു തന്നെ അന്വേഷിപ്പിക്കലാണ്. അതും കൂട്ടുപ്രതിയുടെ കുറ്റത്തെക്കുറിച്ചുകൂടി അന്വേഷിപ്പിക്കുന്നത്. മറ്റൊന്ന് പേയിംഗ് ഗസ്റ്റാക്കാൻ മുഖ്യമന്ത്രി ഉത്തരവിട്ടിട്ടില്ലെന്നതാണ്. ഇത് വസ്തുതകൾക്ക് വിരുദ്ധമാണ്. മുഖ്യമന്ത്രിയുടെ അറിവോടുകൂടിയാണ് പൊതുഭരണവകുപ്പ് ഈ ഉത്തരവിട്ടത്. ഇല്ലെങ്കിൽപ്പോലും പൊതുഭരണവകുപ്പിന്റെ ചുമതല, പൊളിറ്റിക്കൽ വകുപ്പിന്റെ ചുമതല മുഖ്യമന്ത്രിക്കാണ്. അതുകൊണ്ട് കൈകഴുകി രക്ഷപ്പെടാൻ ആവുകയില്ലായെന്നിരിക്കെ മുഖ്യമന്ത്രിയുടെ അറിവോടുകൂടി വിദേശികളെ, ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടവരെ പേയിംഗ് ഗസ്റ്റാക്കി തീർത്തതുകൊണ്ട് മുഖ്യമന്ത്രി ഇതിൽ ഒന്നാംപ്രതി ആയി വന്നിരിക്കുകയാണ്. മിനിഞ്ഞാന്ന് ഞങ്ങൾ അത് പറഞ്ഞിട്ടില്ല. മലപ്പുറം മുഴുവൻ ടൂർ ചെയ്യാൻ ശ്രീ. യു. എ. ബിരാന്റെ കാർ ആണ് കൊടുത്തത്. ക്ഷീരവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) സർ, അതു ശരിയല്ല.

ശ്രീ. ഇ. കെ. നായനാർ : നിങ്ങൾ നിഷേധിച്ചോളിൻ. നിങ്ങൾക്ക് നിഷേധിക്കാം. അതുപോലെ ശ്രീ. ഇ. അഹമ്മദിന്റെ കൊടിവച്ച കാർ അതിന്റെ കൂടെ പോയി. കണ്ണൂർ ഗസ്റ്റ് ഹൗസിൽ വിളിച്ചു പറഞ്ഞ് അവർക്ക് സ്വീകരണം ഏർപ്പാട് ചെയ്തുകൊടുത്തത്. മന്ത്രി ശ്രീ. ഇ. അഹമ്മദാണ്. ഈ തരത്തിൽ അപരെ ക്ഷണിച്ചു വരുത്തുകയാണ് ശ്രീ. യു. എ. ബിരാനും ശ്രീ. ഇ. അഹമ്മദും ചെയ്തത്. അതുകൊണ്ട് പേയിംഗ് ഗസ്റ്റാക്കുകയായിരുന്നു. ഇത് അവർ കൊണ്ടുവന്ന പെട്ടിയെപ്പറ്റി വളരെ വ്യക്തമായി മാതൃഭൂമിയിൽ കൊടുത്തിട്ടുണ്ട്. പതിനഞ്ചു പെട്ടികൾ കസ്റ്റംസ് പരിശോധന കൂടാതെ തന്നെ കടത്തി. എന്താണ് പെട്ടിയിൽ? ഭീന്ദൻവാല പെട്ടി കടത്തിയിട്ടുണ്ട്. അതിൽ സ്വർണ്ണബിസ്ക്കറ്റാണോ, അതോ റൈഫിളാണോ, അതോ കത്തിയാണോ, അതോ പണമാണോ? 5 ലക്ഷം രൂപ കേരളത്തിലെ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതായി ഇന്നത്തെ മാതൃഭൂമിയിലുണ്ട്. ഇത്രയും ഗുരുതരമായ നമ്മുടെ കേരളത്തിലെ രാജ്യരക്ഷയെ ബാധിക്കുന്ന തരത്തിലുള്ള ഒരു പ്രശ്നമാണിത്. അന്ന് ഭീന്ദൻവാല സുവർണ്ണക്ഷേത്രത്തിൽ കൊണ്ടുവന്നത് stun gun ആണ്. ഇവിടെ എന്താണ് കൊണ്ടുവന്നതെന്ന് നമുക്കറിയില്ല. അങ്ങനെ ഇന്ന് ഈ രാജ്യത്ത് പെട്ടികൾ ഇറക്കുമതി ചെയ്യുമ്പോൾ നിങ്ങളുടെ രാഷ്ട്രീയ കൂട്ടുകെട്ട്..... (തടസ്സം) ഈ രാജ്യത്തെ വിലയ്ക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. അങ്ങനെ രാഷ്ട്രീയമായ അപ്പക്കഷണത്തിനുവേണ്ടി ഒറ്റു കൊടുക്കുന്ന യൂദാസുകളെക്കാൾ കഷ്ടമാണ്. നിങ്ങൾ. അതുകൊണ്ട് അസംബ്ലിക്കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണം. നാരായണ സാമിയും ഗോപാലസ്വാമിയും വേണ്ട. ഭരണപക്ഷവും പ്രതിപക്ഷവും ഉൾപ്പെട്ട ഒരു നിയമസഭാക്കമ്മിറ്റിയെക്കൊണ്ട് അന്വേ

LIBRARY ARCHIVES Kerala Legislative Assembly

ഷിപ്പിക്കണം. നീഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം കിട്ടുമോ യെന്നു നോക്കാം അതിന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കഴിഞ്ഞ ചർച്ചാവേള യിൽത്തന്നെ ഇതിന്റെ സ്ഥിതിഗതികളും ഞാൻ വിശദീകരിച്ചു. അന്ന് ശ്രീ. ബേബിജോൺ ഇവിടെ പേയിംഗ് ഗസ്റ്റ് ആക്കാൻ ഞാൻ നേരിട്ട് ഉത്തരവ് കൊടുത്തു. ഒന്നാം പ്രതി എന്ന് പറഞ്ഞപ്പോഴാണ് ഞാൻ നേരിട്ടല്ല ഉത്തരവ് കൊടുത്തത് എന്നു പറഞ്ഞത്. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പൊതുരേണത്തിന്റെ ചുമതല വഹിക്കുന്ന ആൾ എന്നുള്ള നിലയിൽ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറാൻ ഞാൻ ഇല്ല. ഈ സഭയ്ക്കു തന്നെ അറിയാം ഞാൻ കൈകാര്യം ചെയ്തി രുന്ന ഒരു ഡിപ്പാർട്ടുമെന്റ് ഞാൻ അറിയാത്ത കാര്യങ്ങൾ ചെയ്തിട്ടുപോലും അതിന്റെ ഉത്തരവാദിത്വം ഏറെറടുത്ത് അതിന്റെ ഭവിഷ്യത്ത് അനുഭവിച്ച ആളാണ് ഞാൻ. അതുകൊണ്ട് എനിക്ക് ഈ കാര്യത്തിൽ അശേഷം മടി യില്ല ആശങ്കയില്ല.....(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശദമായി പറഞ്ഞു കഴിഞ്ഞു. അതിന് മറുപടി പറയേണ്ട ബാദ്ധ്യത മുഖ്യമന്ത്രി ക്കുണ്ട്. ദയവായി ഒന്ന് സമാധാനമായിരിക്കൂ.

ശ്രീ. കെ. കരുണാകരൻ : അങ്ങനെ കൊടുത്ത ഉത്തരവിൽ വല്ല പാക പ്പിഴകളും ഉണ്ടെങ്കിൽ അതുംപ്പെടെ അന്വേഷിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ എനിക്ക് മനസ്സിലാകാത്തത് ഈ ഉദ്യോഗസ്ഥൻ ഇതിൽ ബന്ധ പ്പെട്ട കക്ഷിയാണ് എന്നുള്ളതാണ് പരാതിയെങ്കിൽ ഇൻഡ്യാഗവൺമെന്റിന്റെ ഒരുദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും ഈ സംസ്ഥാന ഗവൺ മെന്റിന് വിരോധമില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : രാജിവച്ച് അന്വേഷണം നടത്തണം.

ശ്രീ. കെ. കരുണാകരൻ : രാജിയാണ് ആവശ്യമെങ്കിൽ അത് കൈയി ലിരിക്കട്ടെ, അത് ഇപ്പോഴം തല്ക്കാലമില്ല. ഈ വകുപ്പിനെക്കുറിച്ച് എന്തോ വല്ലിയ അപരാധം ചെയ്തു എന്നുള്ള നിലയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത്. പ്രതിപക്ഷനേതാവ് സംസ്ഥാന ത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴം ദുബായിലെ നിയമവകുപ്പിന്റെ തലവനെന്നുള്ള നിലയിൽ ഒരാൾ ഇവിടെ വരുന്നതിനുവേണ്ടി അദ്ദേഹ ത്തിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക് കമ്പിയടിച്ചു. കമ്പി കിട്ടി അത് ഇൻഡ്യാ ഗവൺമെന്റിന് അയച്ചു. ഇൻഡ്യാ ഗവൺമെന്റ് എമ്പസിയിൽ അന്വേഷിച്ച പ്പോഴം ഇങ്ങനെയൊരാൾ വരുന്നതായി വിവരം ലഭിച്ചിട്ടില്ല എന്നു പറഞ്ഞു. അവർക്ക് യാതൊരു ആനുകൂല്യങ്ങളും ചെയ്തുകൊടുക്കേണ്ടതില്ല എന്നും അറിയിച്ചതിനുശേഷം അന്നത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. ബേബി ജോൺ ഇത് കൊടുക്കണം, ഗസ്റ്റ് ആക്കണമെന്നു പറഞ്ഞപ്പോഴം അതിൽ ഒപ്പിട്ടു കൊടുത്തിട്ടുള്ള ആളാണ് ശ്രീ. നായനാർ എന്നുള്ളത് സത്യമാണ് .....(ബഹളം)

മി. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട ഏതൊരംഗത്തെക്കുറിച്ചും ഈ സഭയിൽ പരാമർശമുണ്ടായാലും അതിനെക്കുറിച്ച് പറയാനുള്ള സൗകര്യമു ണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഞാൻ പറഞ്ഞത് അന്നത്തെ പൊതുഭരണ വകുപ്പ് ഇന്നയിന്ന ആളുകൾക്കു ഇവിടെ വരാം എന്നു പറയുമ്പോൾ അവർ പാസ്പോർട്ടുംകൊണ്ടാണോ വരുന്നത് അല്ലെങ്കിൽ എന്തെല്ലാം രേഖകൾ അവരുടെ കൈയിൽ ഉണ്ട് എന്നുള്ളത് പരിശോധിച്ചിട്ടല്ല കൊടുക്കുന്നത് എന്നുള്ളതിന് ഒരു ഉദാഹരണമാണ് ബഹുമാനപ്പെട്ട നായനാരുടെ കാലത്ത് 1981 ഏപ്രിൽ മാസത്തിൽ നടന്നത്. അതുകൊണ്ട് ഇൻഡ്യാ ഗവൺമെൻറ് കൊടുക്കരുത് എന്നു പറഞ്ഞിട്ട് കൊടുത്തു എങ്കിൽ അതിൻെറ പിന്നിൽ എന്താണെന്നു പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാമായിരുന്നു. പറയാതെ കൊടുത്ത ആളുകളെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. ഏതായാലും ശരി ഈ കാര്യത്തിൽ ഡിപ്പാർട്ടുമെൻറിൻെറ തലവനെന്നുള്ള നിലയിൽ എനിക്കുള്ള ഉത്തരവാദിത്വം ഞാൻ ഒഴിയുന്നില്ല. അതേ അവസരത്തിൽ ഞാൻ അന്നു പറഞ്ഞത് ശരിയാണ്. ഈ കാര്യം സംബന്ധിച്ച് ഞാൻ യാതൊന്നും തെറ്റായി അല്ലെങ്കിൽ സത്യവിരുദ്ധമായി ഒന്നും തന്നെ പറഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ നിയമസഭാ കമ്മറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നുള്ളതാണ് ആവശ്യം. അങ്ങനെ അന്വേഷിപ്പിക്കുന്നില്ലായെങ്കിൽ തീർച്ചയായും നിഷ്പക്ഷമായ ഒരു അന്വേഷണത്തിന് നിങ്ങൾ തയ്യാറല്ലായെന്നുള്ളതാണ് അതിൻെറ അർത്ഥം. അങ്ങനെ തയ്യാറല്ലാത്ത നിങ്ങളുടെ മറുപടിയിൽ പ്രതിഷേധിച്ച് ഞാനും എൻെറ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്. (ശ്രീ നായനാരും അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി.)

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഈ പ്രശ്നം വ്യാഴാഴ്ച നടന്ന ചർച്ചയുടെ അവസാനത്തിൽ മുഖ്യമന്ത്രി പറഞ്ഞ മറുപടിയും ഇന്നിപ്പോൾ ഈ ചർച്ചയിൽ പറഞ്ഞ മറുപടിയും തമ്മിൽ നോക്കുമ്പോൾ ഇത് ഇപ്പോൾ കൂടുതൽ വിശദമായ ഒരു ചർച്ചക്ക്, വിധേയമാകേണ്ട ഒരു കാര്യമാണ് എന്നാണ് വ്യക്തമാകുന്നത്. അതിൻെറ മുഴുവൻ ഉത്തരവാദിത്വവും തൻെറ ഡിപ്പാർട്ടുമെൻറിൻേറതാണ്. താൻ അത് ഏറ്റെടുക്കുന്നു എന്നു പറഞ്ഞാൽ മുഖ്യമന്ത്രി അന്തസ്സോടുകൂടി രാജി വച്ച് അന്വേഷണത്തിന് തയ്യാറാകുകയാണ് വേണ്ടത്. ഇത്രയും ഗൗരവമായിട്ടുള്ള രാജ്യരക്ഷാപ്രശ്നം, അത് മാത്രമല്ല, പൊളിറ്റിക്കൽ വകുപ്പിൻെറ ചുമതല വഹിക്കുന്ന അഡീഷണൽ ചീഫ് സെക്രട്ടറിയെ അന്വേഷണത്തിന് ഏർപ്പെടുത്തിയത് മാത്രമല്ല, ഇൻഡ്യാ ഗവൺമെൻറിൻെറ സർക്കുലറുകൾ എയർപോർട്ടിൽ ആയാലും മറ്റ് ഡി. എസ്. പി. ആഫീസിലായാലും എത്തിക്കേണ്ട ചുമതല ഇൻറലിജൻസ് വകുപ്പിനാണ്. ആ ഇൻറലിജൻസ് വകുപ്പിൻെറ ഡി. ഐ. ജി. ശ്രീ. പത്മനാഭൻ ആണ് ഇപ്പോൾ എയർപോർട്ടിൽ പോയി ഇങ്ങനെ ഒരു സർക്കുലർ കിട്ടിയിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നത്. ആ സർക്കുലർ അവിടെ കിട്ടിയില്ലെങ്കിൽ അതിൻെറ കുറ്റവാളിയായി പ്രതിക്കൂട്ടിൽ നില്ക്കേണ്ട ആളാണ് അത് അന്വേഷിക്കാൻ പോകുന്നത്. ഈ അന്വേഷണം കഴിയുമ്പോൾ ഉള്ള രേഖകളും, ഉള്ള തെളിവുകളും പൂഴ്ത്തിവയ്ക്കാൻവേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. പുതിയ പുതിയ വിവരങ്ങൾ ഇന്ന് ഈ സംസ്ഥാനത്ത് വ്യാപകമായി പ്രചാരത്തിലുള്ള പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അതേക്കുറിച്ച് വ്യക്തമായ മറുപടി പറയണ്ടേ? അതുകൊണ്ടാണ് നിയമസഭാ കമ്മറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നത്.

1984 സെപ്റ്റംബറിൽ കറാച്ചിയിൽ കൂടിയ മുസ്ലീം ഇതര രാജ്യങ്ങളിലെ നേതാക്കളുടെ സമ്മേളനത്തിൽ പങ്കെടുത്ത രണ്ട് പ്രതികളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും വിസയില്ലാതെ ഇവിടെ വന്നത്. അന്ന് ഒരു മുസ്ളീം സംരക്ഷണ സമിതിയുണ്ടാക്കിയതിന്റെ ചെയർമാനാണ് ഈ രാജ്യത്തെ മുഴുവൻ സാമുദായിക വികാരങ്ങളും ഇളക്കിവിടുന്നതിനും മുസ്ളീം അല്ലാത്ത രാജ്യങ്ങൾക്കെതിരായി പ്രചരണം സംഘടിപ്പിക്കുന്നതിനും ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സംഘടനയിലെ അദ്ധ്യക്ഷൻ കൂടിയായ ആളാണ്, ഇപ്പോഴും ഇവിടെവിസയില്ലാതെ വന്ന ആ രണ്ടുപേരിൽ ഒരാൾ. അന്ന് ശ്രീ. ബീരാൻ ഇവിടെകൈകഴുകാൻ ശ്രമിച്ചു. ശ്രീ ബീരാന്റെ കൊടിവച്ച കാറിൽ ആണ് അവർ സഞ്ചരിച്ചത് എന്ന് ഇവിടെ പത്രങ്ങളിൽ വാർത്ത വന്നിരിക്കുകയാണ്. ഇതൊക്കെ പുതിയ വിവരങ്ങളാണ്. അന്ന് ചർച്ച ചെയ്തപ്പോഴും ഇല്ലാത്ത വിവരങ്ങളാണ്. ഞാൻ പറയുന്നതല്ല, ഈ രാജ്യത്തെ ലക്ഷക്കണക്കിനാളുകളും വായിക്കുന്ന പത്രങ്ങളിൽ വന്നതാണ്. ഈ രാജ്യത്തിന്റെ മുമ്പിൽ മറുപടി പറയേണ്ട ബാദ്ധ്യത മന്ത്രിക്കും ഉണ്ട്, ജനങ്ങളോടും ഉത്തരവാദിത്വമുണ്ട്. അതുകൊണ്ടാണ് ഇത് കൂടുതൽ അന്വേഷണത്തിനു വിടണമെന്ന് പറയുന്നത്. കുറേവാളികളും തന്നെ അന്വേഷിച്ചാൽ പോരാ ഈ നിയമ സഭയുടെ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ളആളുകളെ വച്ച് അന്വേഷണത്തിനുപോലും, രാജി വയ്ക്കുന്നില്ല ! എന്നുള്ളത് പോകട്ടെ! ഇത്തരത്തിലുള്ള ഒരു അന്വേഷണത്തിനു പോലും തയ്യാറാകാത്ത ഈ ഗവർമെൻറിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപ്പോകുന്നു. (ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി.)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, മുഖ്യമന്ത്രി പദവിനു വിരുദ്ധമായി വോട്ടിംഗിനു ശേഷമാണ് ഞാൻ ഒപ്പിട്ടില്ല എന്നു പറഞ്ഞത്. ഇന്ന് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അന്ന് പ്രധാനമായും മറച്ചു വച്ചിട്ട് സഭയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. ഈ സഭയെ മുഴുവൻ തെറ്റായ രീതിയിലൊരു ധാരണയിലെത്തിച്ചിരിക്കുകയായിരുന്നു. ഈ സഭാംഗങ്ങളെ മുഴുവൻ തെറ്റായ ധാരണയിൽ എത്തിച്ചിരിക്കുകയായിരുന്നു. അദ്ദേഹം ഇന്ന് ഇവിടെ പറഞ്ഞു ഡിപ്പാർട്ടുമെൻറ് തലവന്റെ ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുത്തു എന്ന്, അതിൽ സന്തോഷമുണ്ട്. മുമ്പൊരിക്കൽ ചെയ്യാത്ത കുറ്റത്തിനു ഉത്തരവാദിത്വം ഏറ്റെടുത്തു രാജിവച്ചു എന്നും അദ്ദേഹം പറഞ്ഞു. അന്ന് അങ്ങ് രാജി വയ്ക്കൂ എന്നു പറയാൻ അദ്ദേഹത്തിന്റെ പാർട്ടിയിൽ ആളുകളുണ്ടായിരുന്നു. ഇന്ന് ആണുങ്ങളാരെങ്കിലും നിങ്ങളുടെ പാർട്ടിയിൽ ഉണ്ടായിരുന്നുവെങ്കിൽ രാജി വയ്പിക്കുക മാത്രമല്ല അങ്ങയെ ആട്ടി പാർട്ടിയിൽ നിന്നു പുറത്താക്കുമായിരുന്നു. ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഇന്ന് ആ പാർട്ടിയിൽ ആളില്ല. ഇവിടെ രണ്ടു പ്രശ്നങ്ങളുണ്ട്. ഒന്ന്, കേന്ദ്രഗവൺമെൻറ് ഇക്കാര്യത്തിൽ അന്വേഷിക്കട്ടെ എന്നു പറഞ്ഞു. ഈ ഗവൺമെൻറിന്റെ രാഷ്ട്രീയ നിലനിൽപ്പിൽ കേന്ദ്രഗവൺമെൻറിനു താല്പര്യം ഉണ്ട്. അതുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞത് രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ടാണ്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, നിയമസഭാ കമ്മറ്റിയെ ഇതിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയത്തിനതീതമായി തികച്ചും രാജ്യരക്ഷാ താല്പര്യം വച്ച് ഇത് പരിശോധിക്കണം എന്ന്. അതിന് മുഖ്യമന്ത്രി തയ്യാറാകുന്നില്ലായെങ്കിൽ അതിന്റെ അർത്ഥമെന്താണ്? ഒഴിഞ്ഞുമാറാൻ കഴിയുകയില്ല എന്നുമാത്രമല്ല, ഇപ്പോഴും നടക്കുന്നത് ഇത് മുഴുവൻ പൂഴ്ത്തിവയ്ക്കാൻ, രേഖകളൊക്കെ നീക്കം ചെയ്യാൻ, രേഖകളിൽ കൃത്രിമം കാണിക്കാൻ ഈ മുഖ്യമന്ത്രിയടക്കം കൂട്ടുനിലക്കുകയാണ്. അതുകൊണ്ട് മുഖ്യമന്ത്രി രാജി വയ്ക്കണം. മുഖ്യമന്ത്രി രാജി വച്ചാൽ മാത്രം പോരാ, ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ജനങ്ങളും ഈ ഗവൺമെൻറിലെ ആരേയും വെറുതേ വിടാൻ പോകുന്നില്ല. ഞാനും എൻെറ പാർട്ടിയും ഇതിൽ പ്രതിഷേധിച്ച് ഇറങ്ങിപോകുന്നു.

ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി.

ശ്രീ. ബേബി ജോൺ: ഈ രാജ്യത്തെ വളരെ ഗൗരവകരമായി ബാധിക്കുന്ന ഒരു പ്രശ്നത്തെക്കുറിച്ചാണ് ഇവിടെ ചർച്ച നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാന്യനായ മുഖ്യമന്ത്രി ആ കാര്യത്തെക്കുറിച്ച് മറുപടി പറഞ്ഞപ്പോഴും പറഞ്ഞു രണ്ട് കാര്യങ്ങളാണ് പ്രധാനമായും ഇന്ന് ഇവിടെ ചർച്ചക്ക് വിധേയമായിട്ടുള്ളത്. ഒന്ന്, ചർച്ചയെല്ലാം കഴിഞ്ഞ് വോട്ടെടുപ്പായപ്പോഴും അദ്ദേഹം പറഞ്ഞു, അദ്ദേഹമല്ല ഒപ്പിട്ടത് എന്ന്. മറൊന്ന് ചർച്ചാവേളയിൽ അദ്ദേഹം പറഞ്ഞു ഒരു ഉദ്യോഗസ്ഥനെ കൊണ്ട് അന്വേഷിപ്പിക്കാമെന്ന്. ഇന്ന് അദ്ദേഹം ഇതിനെ സംബന്ധിച്ച് പറഞ്ഞുവന്ന കൂട്ടത്തിൽ പറഞ്ഞു, ഞാൻ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് ഇങ്ങനെയൊരാളിന് അനുവദം കൊടുത്ത് അങ്ങനെ ചെയ്തിട്ടുണ്ടെന്ന്. കൊടുത്തു കാണുമായിരിക്കും, ഞാൻ നിഷേധിക്കുന്നില്ല, പക്ഷേ അങ്ങനെ കൊടുത്താൽ അതിൻെറ ഉത്തരവാദിത്വം ഞാൻ ഏറെറടുക്കുന്നു. ഞാൻ മുഖ്യമന്ത്രിയോട് ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ ആ ആൾ എന്തെങ്കിലും കുഴപ്പക്കാരനാണെങ്കിൽ അതിനെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം എനിക്കാണ്. അതുപോലെ തന്നെ എൻെറ വാക്ക് വിശ്വസിച്ച് മുഖ്യമന്ത്രി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ വന്ന വീഴ്ചയിലുള്ള ഉത്തരവാദിത്വവും അദ്ദേഹത്തിന് ഏറെറടുക്കേണ്ടിവരും. ഇവിടേയും അത് തന്നെയാണ് പ്രശ്നം. അന്ന് ഏതായാലും അയാളെ ബ്ലാക്ക് ലിസ്റ്റിൽപെടുത്തിയതായി അറിയില്ല. അൺഡിസയറബിൾ ആയി ഗവൺമെൻറ് ഓഫ് ഇൻഡ്യ പ്രഖ്യാപിച്ചതായി എനിക്കറിയില്ല. മുഖ്യമന്ത്രി പറഞ്ഞതുമില്ല; അൺഡിസൈറബിൾ ആയിരുന്നുവെന്ന്. ഇവിടെ പ്രശ്നമിതാണ്. അങ്ങ് ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുന്നു എന്നുപറഞ്ഞു. അംഗീകൃത നടപടികളും വച്ചുകൊണ്ട് നോക്കുമ്പോൾ തെറ്റ് തുടങ്ങുന്നത് പ്രധാനമായും മുഖ്യമന്ത്രിയുടെ ഡിപ്പാർട്ടുമെൻറിൽ നിന്നുമാണ്. ഇവർ വരുന്നതിന് മുമ്പ് ഇവരെ പേയിംഗ് ഗസ്റ്റായി അംഗീകരിച്ചുകൊണ്ടുള്ള ഓർഡർ പോയി. ആ ഓർഡറുമായിട്ടാണ് ഇവർ എയർപോർട്ടിൽ പോകുന്നത്. വി. ഐ. പി. കാറഗറിയിൽ വരുന്ന ആളുകളെ വലിയ പരിശോധനയൊന്നും കൂടാതെ വി. ഐ. പി. ലോഞ്ചിൽക്കൂടിയിങ്ങ് കൊണ്ടുപോരാം. കാരണം സ്റേറററ് ഗവൺമെൻറിനെ ബോദ്ധ്യമായിരിക്കുന്നു, സ്റേറററ് ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്നു, ഇവരെ വി. ഐ. പി. ആയിട്ട് ! ഇവരെ പേയിംഗ് ഗസ്റ്റായിട്ട് അംഗീകരിച്ചിരിക്കുന്നു. പേയിംഗ് ഗസ്റ്റ് എന്നു പറഞ്ഞാൽ അങ്ങ് ഇവിടെ പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെൻറിൻെറ അനുവാദം വാങ്ങിക്കാത്ത.... .....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): പേയിംഗ് ഗസ്റ് വി. ഐ. പി. അല്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയില്ലേ?

ശ്രീ. ബേബി ജോൺ: എനിക്കറിയാവുന്നിടത്തോളം ഞാൻ പറയാം. ബഹുമാന്യനായ മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞു കേന്ദ്ര ഗവൺമെൻറിൻെറ അനുവാദം വാങ്ങി സ്റേറററ് ഗവൺമെൻറിൻെറ അതിഥിയാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

താമസം വന്നതുകൊണ്ട് ഞങ്ങൾ പേയിംഗ് ഗസ്റ്റ് ആക്കിയെന്ന് ഈ നിയമസഭയിൽ നിങ്ങൾ പറഞ്ഞുവല്ലോ ? ഇപ്പോൾ പറയുന്നത് പേയിംഗ് ഗസ്റ്റിന് വാടക കൊടുക്കുന്ന ആളാണ് എന്നാണ്. അങ്ങനെ വാടകക്ക് ആളുകൾക്ക് കൊടുക്കാനുള്ളതല്ല പേയിംഗ് ഗസ്റ്റ് എന്ന പദവി. വഴിയേ പോകുന്ന ആർക്കെങ്കിലും അൺഡിസൈറബിൾ എലിമെന്റ്സിന് വാടകക്ക് താമസിക്കാനുള്ളതല്ല—പേയിംഗ് ഗസ്റ്റാക്കി വാടകക്ക് കൊടുക്കാനുള്ളതല്ല ഈ സംസ്ഥാനം. അതിനാൽ ഞാൻ പറയുന്നത് ഇത് തുടങ്ങിയത് അവിടെ നിന്നാണ്. അവസ്ഥാനം എന്താണ് പറഞ്ഞിരിക്കുന്നത് ? ഞാൻ അന്വേഷിക്കാം എന്ന് പോലീസ് ഇൻസ്പെക്ടർ കുറക്കാരനാണെന്നു കണ്ടാൽ ഹെഡ്കോൺസ്റ്റബിളിനെക്കൊണ്ട് അന്വേഷിപ്പിക്കുന്ന ഏർപ്പാടുണ്ടോ ? ഇവിടെ അതാണ് ചീഫ് മിനിസ്റ്ററുടെ അടുക്കൽനിന്നും തുടങ്ങിയിരിക്കുന്നു. ആ നിലയിൽ ഇതിനെ സംബന്ധിച്ച് ഒരു അന്വേഷണം വേണം. വെറും സാങ്കേതികത്വമാണിവിടെ. ആ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ മുഖ്യമന്ത്രിക്ക് കഴിയുമോ ? അദ്ദേഹം എന്താണ് എഴുതിയത് എന്ന് എനിക്കറിയില്ല. ഞാൻ ഒപ്പിട്ടില്ല എന്ന് പറഞ്ഞത് സാങ്കേതികത്വമല്ലേ ? നിങ്ങളുടെ ഡിപ്പാർട്ടുമെന്റ് നിങ്ങൾക്കുവേണ്ടി പുറപ്പെടുവിച്ച ഒരു ഓർഡറിൽ ഞാൻ ഒപ്പിട്ടില്ല എന്ന് പറഞ്ഞാൽ ഒഴിഞ്ഞുമാറാനൊക്കുമോ ?

ഇവിടെ ചീഫ് സെക്രട്ടറി പറഞ്ഞിരിക്കുന്നു. Discussed with the Chief Minister. Discussed with the Deputy Chief Minister and he has instructed to issue orders. അതുകൊണ്ട് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ക്കുകയില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 'May be done' എന്നായിരുന്നതുകൊണ്ട് പിന്നെ ഡിസ്കസ് ചെയ്യേണ്ട പ്രശ്നമേയില്ല. രണ്ടും മാറി മാറി പറയരുത്.

ശ്രീ. ബേബി ജോൺ : സർ, ഞാൻ മാറി മാറിയൊന്നും പറയുന്നില്ല. എന്താ നേരത്തെ നിങ്ങൾ പറയാത്തത്. ഞാൻ പത്രത്തിൽ കിടന്നതാണ് കണ്ടത്. എന്നാൽ നിങ്ങൾ നേരു പറയണം. അതുകൊണ്ട് എനിക്ക് ഒരുകാര്യം മാത്രമേ പറയാനുള്ളു. നമ്മുടെ സംസ്ഥാനത്ത് അല്ലാതെ കേന്ദ്ര ഗവൺമെന്റ് അൺഡിസൈറബിൾ എന്ന് പ്രഖ്യാപിച്ച ആളുകൾക്ക്, സ്റ്റേറ്റ് കാറും കൊടുത്ത് കൊടിയും കൊടുത്ത് മുഖ്യമന്ത്രി നേതൃത്വം കൊടുത്ത് സ്വീകരിച്ചാനയിക്കുന്ന ഏർപ്പാട് വേറെയൊരിടത്തുമില്ല. മുഖ്യമന്ത്രി പേയിംഗ് ഗസ്റ്റ് എന്ന് ഓർഡർ ഇട്ട ഈ ഏർപ്പാടിനെപ്പറ്റി ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് ഞങ്ങൾ നിർദ്ദേശിച്ചത്. അങ്ങുപറഞ്ഞ കേന്ദ്ര ഗവൺമെന്റു ഉദ്യോഗസ്ഥൻ പോര. ഈ വസ്തുത മറയ്ക്കാൻ ഒന്നുമില്ലെങ്കിൽ സത്യം നാട്ടുകാരെ അറിയിക്കണമെങ്കിൽ, ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് നിയമസഭാ കമ്മിറ്റിയെക്കൊണ്ടുതന്നെ ഇത് അന്വേഷിപ്പിക്കണം. അത് നടക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭയിൽനിന്ന് വാക്കൗട്ട് നടത്തുന്നു. (ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി).

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ പറഞ്ഞിട്ടുള്ള കാര്യങ്ങളോടെല്ലാം ഞാൻ യോജിക്കുകയാണ്. പേയിംഗ് സ്റ്റേറ്റ് ഗസ്റ്റ് വി. ഐ. പി. യാണോ അല്ലയോ, സാങ്കേതികമായിട്ടുള്ളതാണോ അല്ലയോ എന്നുള്ള കാര്യം

LIBRARY ARCHIVES Kerala Legislative Assembly

അപ്രസക്തമാണ്. പേയിംഗ് ആയാലും നോൺ-പേയിംഗ് ആയാലും സ്റ്റേറ്റ് ഗസ്റ്റാണ്, ജനങ്ങളുടെ കണ്ണിൽ വി. ഐ. പി. യാണ്, ഉദ്യോഗസ്ഥൻമാരുടെ കണ്ണിലും വി. ഐ. പി. യാണ്. പ്രൊവിഷണൽ ആയിട്ട് നിശ്ചയിച്ച ഉദ്യോഗസ്ഥൻമാരും റെഗുലറായിട്ട് നിശ്ചയിച്ച ഉദ്യോഗസ്ഥൻമാരും ആ സ്ഥാനത്തിരിക്കുമ്പോൾ പ്രൊവിഷണലാണോ റെഗുലറാണോയെന്ന് നോക്കിയിട്ടാണോ അദ്ദേഹത്തെ ബഹുമാനിക്കുക. ഇത് സ്റ്റേറ്റ് ഗസ്റ്റാണ്. അങ്ങനെയാക്കിയത് ആരാണെന്നുള്ള പ്രശ്നം വന്നപ്പോൾ കഴിഞ്ഞദിവസം സഭ പിരിയുന്നതിനു മുമ്പായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുന്നേറ്റുപറഞ്ഞത് എനിക്ക് ഈ കാര്യവുമായിട്ട് യാതൊരു ബന്ധവുമില്ലായെന്നുള്ള നിലയിലാണ്. അദ്ദേഹം പറഞ്ഞതൊന്നും കടത്തിവെട്ടാനൊക്കുകയില്ല. പക്ഷേ ഇപ്പോൾ വെളുക്കാൻ തേച്ചത് പാണ്ടായിത്തീർന്നിരിക്കുകയാണ്. ഏതാണ്ട് തീർന്നതായിട്ടുള്ള സംഭവം. അന്ന് കേന്ദ്ര ഗവൺമെൻറ് അന്വേഷിക്കുമെന്നു പറഞ്ഞതിനുശേഷം ഇനിയെന്താണ് വേണ്ടതെന്നുള്ളകാര്യത്തെക്കുറിച്ച് എല്ലാവരും ആലോചിച്ചിരുന്ന സമയത്ത് മുഖ്യമന്ത്രി തന്നെ ഇത് തുറക്കാനായിട്ടുള്ള താക്കോൽ ഈ സഭയിലുള്ളതായ ഞങ്ങൾക്ക് തന്നിരിക്കുകയാണ്. അത് ഞങ്ങൾ ഉപയോഗിക്കുന്നു. ആ താക്കോൽ ഈ രാജ്യത്തിലെ പത്രക്കാരും ഉപയോഗിച്ചു. പത്രക്കാർ ഉപയോഗിച്ചതിന്റെ പേരിൽ രണ്ട് സംഗതികൾ പുതുതായിട്ട് വന്നു. ഒന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള ബന്ധം, ഇവരെ സ്റ്റേറ്റ് ഗസ്റ്റാക്കുന്നായിട്ടുള്ള ഓർഡറിലുണ്ട്. അതിന്റെ ഡീറെയിൽസ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ഒരൊറ്റ വാക്കുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിച്ചിട്ടില്ല. ഇപ്പോൾ മുഖ്യമന്ത്രി ചോദിക്കുകയാണ് അതിന്റെ ഡീറെയിൽസ് അങ്ങോട്ടുകൊടുക്കാൻ. ഞങ്ങൾ എന്തിനാണ് കൊടുക്കേണ്ടതായിട്ടുള്ളത്. ആ ഡീറെയിൽസ് എല്ലാം പറഞ്ഞു അദ്ദേഹം ഇട്ടതായിട്ടുള്ള ഓർഡർ, അദ്ദേഹത്തോട് ചീഫ് സെക്രട്ടറി ചർച്ച ചെയ്തിട്ടുള്ള കാര്യം, ഇതൊന്നും അദ്ദേഹം നിഷേധിക്കാതിരിക്കെ യാതൊരു സംശയവുമില്ല, അദ്ദേഹമാണ് ഓർഡറിന്റെ കർത്താവ് എന്ന്. രണ്ടാമത്തെ കാര്യം കസ്റ്റംസ് ഉദ്യോഗസ്ഥൻമാരെ സ്വാധീനപ്പെടുത്താൻ പരിശ്രമിച്ചു. രണ്ട് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഈ സഭയിലെ രണ്ട് അംഗങ്ങളുംകൂടി അതിനു ശ്രമിച്ചുവെന്നു പറയുകയാണെങ്കിൽ അത് വളരെ തെറ്റാണ്. ഈ കാര്യത്തെപ്പറ്റി കാര്യമായ രീതിയിൽ ഒരന്വേഷണം വേണം. ഒരു നിയമസഭാ കമ്മിറ്റി അന്വേഷിക്കേണ്ടതാണ്. അത് ചെയ്യാൻ സാധിക്കുകയില്ലെന്നു പറഞ്ഞതിൽ പ്രതിഷേധിച്ചു ഞാനും എന്റെ പാർട്ടിയും സഭയിൽനിന്ന് വാക്കൗട്ട് നടത്തുകയാണ്. (ശ്രീ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

IV പ്രസ്താവന

1986 മാർച്ച് 18-ാം തീയതിയിലെ 31-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ശ്രീ. വി. ജെ. തങ്കപ്പന്റെ ചോദ്യത്തിന് നൽകിയ മറുപടി തിരുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസ്താവന–

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റ്റി. എം. ജേക്കബ്) : സർ, 18-3-1986-ലെ 31-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ഞാൻ നൽകിയ മറുപടി അപൂർണ്ണമായിരുന്നു. സ്വകാര്യ വിദ്യാലയങ്ങളുടെ മാനേജ്മെൻറിന് നൽകുന്ന ഗ്രാൻറിന്റെ നിരക്കിൽ മാറ്റം വരുത്തിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly